# 19
# ശിഷ്യത്വത്തിനുള്ള വിളി
## (9:9-17)

ഈ സമയത്ത് വിവരണം ശിഷ്യത്വത്തിലേക്ക് മടങ്ങി വരികയാണ്. (8:18–22; 9:9–17). യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളുടെ സെറ്റുകളെ ഭാഗിക്കുന്നതാണ് ഇത് (8:1–17; 8:23–9:8; 9:18–34). മത്തായിയെ ശിഷ്യനായി യേശു വിളിക്കുന്നതുൾപ്പെടെ ഉള്ള ഭാഗമാണ് രണ്ടാമത്തേത് (9:9), അവൻ പാപികളെ ക്ഷമിക്കുന്നതും (9:10–13), ശിഷ്യന്മാർക്കിടയിലെ ഉപവാസ സ്ഥാനവും അതിൽ ഉൾപ്പെടുന്നു (9:14–17).

### മത്തായിയെ വിളിക്കുന്നു (9:9)

**9യേശു അവിടെ നിന്നു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു: "എന്നെ അനുഗമിക്ക!" എന്നു അവനോടു പറഞ്ഞു; അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു.**

**വാക്യം 9**. തന്റെ ഉപദേശങ്ങൾക്കും അത്ഭുതങ്ങൾക്കും പുറമേ, തന്നോടു കൂടെ സഞ്ചരിച്ച ശിഷ്യന്മാരെ ചേർത്ത് തന്നെക്കുറിച്ചുള്ള സുവാർത്ത അവരെ അറിയിച്ചുകൊണ്ടിരുന്നു. കഴിഞ്ഞ അധ്യായത്തിൽ, തന്നെ അനുഗമിപ്പാൻ ശ്രമിച്ച ശാസ്ത്രീയെ യേശു നിരുത്സാഹപ്പെടുത്തിയതായി തോന്നിയേക്കാം (8:19, 20), എന്നാൽ ആ സമയത്ത് ചുങ്കക്കാരനെ പിൻപറ്റുവാനായി അവൻ ആവശ്യപ്പെടുകയും ചെയ്തു.

എല്ലാ സംക്ഷിപ്ത സുവിശേഷങ്ങളിലും **മത്തായി** യെ ക്ഷണിക്കുന്നതു കാണാം. ഈ വിവരണ ലേഖകൻ തന്നെ "മത്തായി" എന്നാണ് പറയുന്നത് (9:9). "ചുങ്കക്കാരനായ മത്തായി" (10:3). മർക്കൊസും ലൂക്കൊസും അവനെ "ലേവി" എന്നാണ് വിളിച്ചിരിക്കുന്നത് (മർക്കൊ 2:14; ലൂക്കൊ 5:27), എന്നാൽ പന്തിരുവരെകുറിച്ച് പറയുമ്പോൾ "മത്തായി" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (മർക്കോ 3:18; ലൂക്കോ 6:15; പ്രവൃത്തികൾ 1:13).

മത്തായിയെ, അവന്റെ ജോലി നിമിത്തം, "എല്ലാവരാലും നിന്ദിക്കപ്പെട്ടവൻ" എന്നാണ് അറിയപ്പെട്ടിരുന്നത്.[1] ആളുകൾക്കിടയിൽ പൊതുവേ ചുങ്കക്കാർ "ഏറ്റവും വെറുക്കപ്പെട്ടവർ" ആയി കണക്കാക്കപ്പെട്ടിരുന്നു. അവരെ തങ്ങളുടെ ജനത്തിന്റെ വിശ്വാസ ഘാതകരായി കണക്കാക്കപ്പെട്ടിരുന്നു. കാരണം അവർ റോമൻ അധിനിവേശക്കാരുടെ ഏജന്റുമാരായിരുന്നു. അതിലുപരി, തങ്ങളുടെ ജനത്തെ കൊള്ളയടിക്കുന്നവരായും അവരെ കണക്കാക്കിയിരുന്നു. കാരണം അവർ ആളുകളിൽ നിന്ന് കൂടുതൽ പണം പിരിച്ചിരുന്നു. ഒരു പ്രദേശത്തെ ചുങ്കം പിരിക്കുവാനുള്ള അവകാശം ഏറ്റവും അധികം തുകക്ക് ലേലം ചെയ്യുന്നവർക്കുള്ളതാണ്. ("മുഖ്യ ചുങ്കം പിരിവുകാരും"; ലൂക്കൊസ് 19:2), ചുങ്കം പിരിക്കുന്നവർ അവന്റെ കീഴിൽ ആണ് ജോലി ചെയ്യുന്നതു, ആകയാൽ അഴിമതിക്ക് അവസരം ഉണ്ടായിരുന്നു (5:46 ന്റെ പരാമർശം നോക്കുക).

തോമസ് ഇ സ്മിത്ത് വിവരിച്ചു,

> പ്രതിഫലം നിയന്ത്രിക്കപ്പെട്ടിരുന്നു എങ്കിലും, വസ്തുക്കളുടെ വില കണക്കാക്കുന്നതിൽ സത്യ സന്ധത മാറ്റിനിർത്തുവാൻ പ്രോത്സാഹിപ്പിച്ചിരുന്നു. ചുങ്കക്കാരോടുള്ള യോഹന്നാൻ സ്നാപകന്റെ നിർദ്ദേശവും (ലൂക്കോ 3:12-13). സക്കായിയുടെ മുൻസ്ഥിതി യഥാസ്ഥാനപ്പെടുത്തുന്നതും (ലൂക്കൊ 19:8) വ്യക്തമാക്കുന്നത് അവരുടെ പ്രവൃത്തികളിൽ വ്യാജം ഉണ്ടായിരുന്നു എന്നാണ്.[2]

അഴിമതിയുടെ ഫലമായി ചില ചുങ്കക്കാർ സ്പഷ്ടമായും വലിയ സമ്പന്നരായി തീർന്നിരുന്നു (ലൂക്കൊ 19:2).

അക്കാരണത്താൽ, ചുങ്കക്കാരെ "പാപികൾ" എന്ന് തരംതിരിച്ചിരുന്നു. റബ്ബിമാരുടെ പാരമ്പര്യം പറയുന്നത് ചുങ്കക്കാർ അശുദ്ധരും അവർ തൊടുന്നതെല്ലാം അശുദ്ധിയുള്ളതുമായി കണക്കാക്കണമെന്നാണ്.[3] അവർ അവിഹിതമായി സമ്പാദിച്ച പണം, പള്ളികളിലോ ദൈവാലയത്തിലോ സ്വീകരിച്ചിരുന്നില്ല.[4] കൂടാതെ അവരെ കോടതിയിൽ സാക്ഷ്യം പറയുവാനോ വിധിക്കുവാനോ അനുവദിച്ചിരുന്നില്ല.[5] ഈ വിലയിരുത്തൽ ഉണ്ടെങ്കിലും, ചില ചുങ്കക്കാർ ആത്മീയ കാര്യങ്ങളിൽ താല്പര്യം ഉള്ളവരായിരിക്കും (ലൂക്കൊ 19:1-10; 18:9-14). ആ നിന്ദിക്കപ്പെട്ട സംഘത്തിൽ നിന്ന്, മത്തായി യേശുവിന്റെ ആദ്യ ശിഷ്യന്മാരിൽ ഒരാളായി.

**യേശു** നടന്നു പോകുമ്പോൾ, **ചുങ്കസ്ഥലത്തിരുന്ന** (*റ്റെലോനിയോ*), മത്തായിയെ കണ്ടു അത് ''കസ്റ്റംഹൗസ്'' അല്ലെങ്കിൽ ''റ്റോൾ ബൂത്ത്'' എന്നാണ് വിളിച്ചിരുന്നത്. ആർ. റ്റി.ഫ്രാൻസ് പറഞ്ഞത് "ഫിലിപ്പോസിന്റെ പ്രദേശത്തു നിന്നും യോർദ്ദാന്റെ കരയിൽ നിന്നും അല്ലെങ്കിൽ ദെക്കപ്പൊലി പ്രദേശത്തു നിന്നും അന്തിപ്പാസിന്റെ പ്രദേശത്തുനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് കഫർന്നഹൂമിൽ *ചുങ്കം പിരിക്കുന്ന ഓഫിസു*ണ്ടായിരുന്നു."[6] യാത്രക്കാർ കൊണ്ടുപോകുന്ന വ്യാപാര വസ്തുക്കൾ എളുപ്പത്തിൽ കാണുവാൻ, മത്തായിയെപോലുള്ള ഉദ്യോഗസ്ഥന്മാർ ചുങ്കം പിരിക്കുന്നതിനു ആളുകളധികവും സഞ്ചരിക്കുന്ന പാതയാണ് തിരഞ്ഞെടുത്തിരുന്നത്.[7] മത്തായി ചുങ്കം പിരിക്കുന്ന ഉദ്യോഗസ്ഥനാകയാൽ ഏതൊരു കച്ചവടക്കാരനേയും നിർത്തി അവരുടെ കെട്ടുകളൊക്കെയും പരിശോധിക്കുവാൻ അവകാശം ഉണ്ടായിരുന്നു.

യേശു മത്തായിയോട്, ''**എന്നെ അനുഗമിക്ക!**'' എന്നു മാത്രമാണ് പറഞ്ഞത്. തീർച്ചയായും അവൻ യേശുക്രിസ്തുവിനെക്കുറിച്ച് കേൾക്കുകയും, അവന്റെ അത്ഭുതങ്ങൾ കാണുകയും ചെയ്തിരിക്കണം. പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ എന്നിവർ അവനു മുമ്പ് സാക്ഷ്യം വഹിച്ചവർ ആയിരുന്നു (4:18-22), **മത്തായി എഴുന്നേറ്റ് അവനെ അനുഗമിച്ചു**. "അവൻ സകലവും വിട്ട് എഴുന്നേറ്റ് അവനെ അനുഗമിച്ചു" എന്നാണ് ലൂക്കോസ് പറയുന്നത് (ലൂക്കൊ 5:28). നശിച്ചുപോകുന്ന ഈ ഭൂമിയിലെ നിക്ഷേപങ്ങൾക്കു പകരം (6:19-21), യേശു അവനു സ്വർഗ്ഗീയ നിക്ഷേപം വാഗ്ദാനം ചെയ്തു. ആ വാഗ്ദാനം അവനു നിഷേധിക്കുവാൻ കഴിയുമായിരുന്നില്ല. മത്തായി തന്റെ അധികാരം, സ്വധീനം, സ്വത്ത് എന്നിവ വിട്ടുകളഞ്ഞു - തിരുവെഴുത്തു പറയുന്നതു പോലെ അവൻ ഒരിക്കലും പുറകോട്ടു നോക്കിയില്ല. ലിയോൺ മോറീസ്

പറഞ്ഞത് മത്തായി തന്റെ വലിയ വിശ്വാസം യേശുവിൽ അർപ്പിച്ചു എന്നാണ്:

> മുക്കുവന്മാർക്ക് തിരിച്ച് മീൻപിടിക്കുവാൻ പോകാമായിരുന്നു, എന്നാൽ ചുങ്കക്കാർക്ക് തിരിച്ച് ചുങ്കസ്ഥലത്തു പോയി ചുങ്കം പിരിക്കുവാൻ കഴിയുമായിരുന്നില്ല. എങ്ങനെയായാലും, അവന്റെ ലാഭകരമായ ജോലി ഉടനെ തന്നെ മറ്റാരെയെങ്കിലും ഏല്പിക്കും. അവൻ മറ്റൊരു ജോലിക്കു ശ്രമിച്ചാൽ, മുൻചുങ്കം പിരിവുകാരന് ആരാണ് ജോലി കൊടുക്കുക?[8]

## യേശു പാപികളെ ക്ഷണിക്കുന്നു (9:10-13)

**[10]അവൻ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ വളരെ ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ പന്തിയിൽ ഇരുന്നു. [11]പരീശന്മാർ അതുകണ്ടു അവന്റെ ശിഷ്യന്മാരോട്: "നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നതു എന്തു എന്നു ചോദിച്ചു." [12]"യേശു അതു കേട്ടാറെ: ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല. [13]'യാഗത്തിലല്ല കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നു' എന്നുള്ളതു എന്തു എന്നു പോയി പഠിപ്പിൻ. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു എന്നു പറഞ്ഞു."**

**വാക്യം 10.** ഒരുപക്ഷെ ഔചിത്യം നിമിത്തമായിരിക്കാം, യേശുവിനെ ആദരിക്കുവാൻ മത്തായിയുടെ വീട്ടിൽ ഒരുക്കിയ വിരുന്നിനെക്കുറിച്ച് അവൻ രേഖപ്പെടുത്താതിരുന്നത് (മർക്കൊ 2:15; ലൂക്കൊ 5:29). തന്റെ സ്നേഹിതന്മാരേയും, തന്നെപ്പോലെ, മതവും സമൂഹവും ഭ്രഷ്ട് കല്പിച്ചവരേയും ക്ഷണിച്ചിരിക്കാം. **അനേകം ചുങ്കക്കാർക്ക്** പുറമേ, വന്നുചേർന്ന മറ്റെല്ലാവരേയും **പാപികൾ** (*ഹമർറ്റൊലോയി*) എന്നാണ് പറഞ്ഞിരിക്കുന്നത്. യഹൂദന്മാരുടെ പാരമ്പര്യം കർശനമായി പാലിച്ചിരുന്ന പരീശന്മാർ, ദശാംശം കൊടുത്തിരുന്നവരും ശുദ്ധീകരണ ചടങ്ങുകൾ നടത്തിയിരുന്നവരും അതിൽ ഉൾപ്പെടുത്തിയിരുന്നു?[9] റബ്ബിമാരുടെ സാന്നിധ്യത്തിൽ, "ദേശക്കാർ" എന്നാണ് പറഞ്ഞിരുന്നത് (*ആം ഹാ അരെറ്റ്സ്*), അതായത്, സാധാരണ ആളുകൾ.[10] എങ്ങനെയായാലും, ക്രേഗ് എസ്സ് കീനർ "അവരെ 'പാപികൾ' എന്നു വിളിക്കുവാൻ കാരണമൊന്നുമില്ല; ആ വാക്ക് ന്യായപ്രമാണം നിർലജ്ജമായി ലംഘിക്കുന്നവരെ കുറിച്ചു പറഞ്ഞിരിക്കുവാനാണ് കൂടുതൽ സാദ്ധ്യത."[11]

ബഹുമാനിക്കപ്പെടാത്ത ആളുകളുമായി യേശു ഭക്ഷിക്കുന്നത് മതസ്ഥാപനങ്ങളെ ഞെട്ടിച്ചു കളഞ്ഞു (ലൂക്കൊ 15:1, 2). സൗഹൃദ ബന്ധവും ഐക്യതയും ബോധ്യപ്പെടുത്തുന്ന ഘട്ടമായിരുന്നു മറ്റൊരാളെ ക്ഷണിക്കുക എന്നത്.[12] യേശു അത്തരത്തിലുള്ള വിരുന്നിൽ പങ്കെടുത്തിരുന്നതിനാൽ അവനെ "തിന്നിയും കുടിയനുമായ മനുഷ്യൻ: ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ ആകുന്നു എന്ന് അവർ പറഞ്ഞു" (11:19). അവൻ പാപികളോടുകൂടെ സമയം ചിലവിട്ടിരുന്നു എങ്കിലും പാപികളോടുകൂടെ ഭക്ഷിച്ചിരുന്നത്, അവരുടെ പാപങ്ങളോട് പങ്കുചേരുന്നതായിരുന്നില്ല. അവൻ പാപികളുടെ സന്നിധിയിലായിരുന്നത് അവരെ സത്യം പഠിപ്പിക്കുവാൻ അവസരം ഉണ്ടാകേണ്ടതിനായിരുന്നു.

**വാക്യം 11. പരീശന്മാർ** യേശുവിന്റെ മനസലിവിനോടു പ്രതികരിച്ച ശിഷ്യ ന്മാരോടു അവനെ കുറ്റപ്പെടുത്തി പറഞ്ഞു: **"നിങ്ങളുടെ ഗുരു എന്തിനാണ് ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നത്?"** അത് ഒരു നീതിമാനായ മനുഷ്യനു അനീതിയുള്ളവരോട് കൂട്ടായ്മ കാണിക്കുന്നതും അപവാദ പരവും ആയിട്ടാണ് അവർ കരുതിയിരുന്നത് (സങ്കീ 1:1; 119:63; സദൃശ 13:20; 14:7; 1 കൊ. 15:33). യേശുവിനോടുള്ള അവജ്ഞയായിരുന്നു മുഖ്യമായും ഉണ്ടായിരുന്നതെങ്കിലും, അവരുടെ വിമർശനം ശിഷ്യന്മാരിലേക്ക് വ്യാപിപ്പിച്ചു കാരണം അവർ അങ്ങനെയുള്ള ഗുരുവിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അവനെ നേരിട്ട് അഭിമുഖീകരിക്കുവാൻ ഭയപ്പെട്ടിരുന്നതിനാലാവാം, അവർ തങ്ങളുടെ ശത്രുത്വം അവനോട് ഇത്തരത്തിൽ പ്രകടിപ്പിച്ചത്.

**വാക്യം 12. യേശു അവരുടെ അഭിപ്രായം കേട്ട്** അതിനോട് ഇപ്രകാരം പ്ര തികരിച്ചു. **അവൻ പറഞ്ഞു, "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യ നെക്കൊണ്ട് ആവശ്യമില്ല."** ആവശ്യമുള്ള ആത്മീയ പാഠം പഠിപ്പിക്കുവാൻ യേശു ജീവിതത്തിലെ ദൈനന്ദിന ചിത്രീകരണം സാധാരണ ഉപയോഗിച്ചി രുന്നു. ആരോഗ്യമുള്ളവർ ഡോക്ടർമാരെ അന്വേഷിക്കാറില്ല; രോഗമുള്ളവ രാണ് അങ്ങനെ ചെയ്യുന്നത്. യേശു ആത്മാക്കളുടെ വലിയ വൈദ്യനാണ്. തങ്ങൾ മുഴുവനും ആത്മീകരാണെന്ന് ധരിച്ചിരുന്നവർ, ഈ അവസരത്തിൽ വിമർശിച്ച പരീശന്മാരെപ്പോലെ അവരുടെ ആത്മീയ രോഗങ്ങൾക്കു പരിഹാ രമായി വൈദ്യന്റെ ചികിത്സ തേടിയിരുന്നില്ല. തങ്ങളുടെ പാപങ്ങളെക്കുറിച്ച് അവർ അന്ധതയിലായിരുന്നു (15:14; 23:16, 17, 19, 24, 26; യോഹ 9:40, 41; 12:40; വെളി 3:17, 18 നോക്കുക).

യേശു പറഞ്ഞതായ ആ പ്രസ്താവന ഗ്രീക്ക് റോമൻ എഴുത്തുകാർ രേഖ പ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിലെ മരുന്നുകൾക്കായി എത്തുന്ന വിമർശകരെ തത്വ ചിന്തകന്മാർ ചിലപ്പോൾ അങ്ങനെ പറയാറുണ്ട്. അതിനെ പ്രതിരോധിച്ചു കൊണ്ട് അവർ പറയും "രോഗികൾക്കു വേണ്ടിയാണ് വൈദ്യന്മാർ ഉള്ളത്" "ഡോക്ടർമാർ തങ്ങളുടെ രോഗത്തെ കണക്കാക്കാതെ രോഗികളെ ചികിത്സി ക്കുവാനായി ബദ്ധപ്പെടുന്നു."[13] അവർ പറയും, "നല്ല വൈദ്യൻ രോഗികൾ എത്ര യാണെങ്കിലും എവിടെയാണെങ്കിലും, അവരെ ചികിത്സിക്കും ... ജ്ഞാനിയായ വൻ തന്റെ വാസസ്ഥലം ഭോഷന്മാർ ഉള്ളേടത്താക്കി, അവരുടെ മൗഢ്യത്തെ നീക്കുവാൻ ശ്രമിക്കും."[14] ആത്മാവിന്റെ രോഗം (ദുഷ്ടത) ജ്ഞാനിയുടെ (തത്വചിന്തകന്മാരുടെ) നിർദ്ദേശത്താൽ സുഖപ്പെടും.[15] അതിലുപരിയായി, ശക്തമായ തർജ്ജന വാക്കുകൾ വൈദ്യന്മാരുടെ വേദനയുള്ള ചികിത്സ പോ ലെയാണ്.[16] രോഗിയോട് കോപിക്കാതെ ഒരു വൈദ്യൻ ചികിത്സിക്കുന്നതു പോലെയാണ് തത്വചിന്തകൻ മറ്റുള്ളവരെ ശാസിക്കുന്നത്.[17]

**വാക്യം 13.** പഴയ നിയമ തിരുവെഴുത്തുകളുടെ പണ്ഡിതന്മാർ എന്നു കണക്കാക്കിയവരെ ശാസിക്കുന്ന രൂപത്തിലായിരുന്നു, **പോയി പഠിക്ക** എന്ന പ്രയോഗം (12:5 നോക്കുക). "അസാധാരണ അറിവുള്ളവരായ യഹൂദാ ഉപദേ ഷ്ടാക്കന്മാരെ റബ്ബിമാർ ഈ പ്രകടനത്താൽ നന്നായി-അറിയപ്പെട്ടിരുന്നു."[18] "പോയി പഠിക്ക" എന്ന റബ്ബിമാരുടെ ഉപദേശത്തിലുള്ള പ്രയോഗം, പരിച യപ്പെടുത്തുന്നത് യേശുവിന്റെ ഉത്തരത്തിലെ രണ്ടാം ഭാഗമാണ്. അതിൽ അന്തർലീനമായിരിക്കുന്നത് "ന്യായപ്രമാണം പഠിച്ചിരിക്കുന്നു എന്ന് അനുമാനി ച്ച ചോദ്യ കർത്താക്കളുടെ അറിവില്ലായ്മയാണ്."[19]

ഹോശെയാ പ്രവാചകനിൽ നിന്ന് ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പോ

യിന്റ് ശക്തമാക്കുന്നത്. അവൻ അതിനായി തിരഞ്ഞെടുത്ത വേദഭാഗം ആളുകളുടെ അറിവില്ലായ്മയെ ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു: "യാഗത്തിലല്ല കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നത്" (ഹോശേയാ 6:6). യേശു ഇവിടെ ഉദ്ധരിച്ച ആ വാക്കുകളെ കുറിച്ച് ജാക്ക് പി ലേവിസ് വിശദീകരിച്ചു,

> സെപ്ത്വജിന്റിൽ നിന്നു എടുക്കുന്നതിനു പകരം ഹോശേയാവിനെ സമ്മതിക്കുന്ന രൂപത്തിലായിരുന്നു എബ്രായ ലേഖകൻ പറഞ്ഞത്; എങ്ങനെയായാലും, എബ്രായ വാക്ക് *ഹെസഡ്* (*കരുണ*) സെപ്ത്വജിന്റിൽ *എലയോസ്* എന്നത് ദയയും മനസലിവുമായി പറഞ്ഞിരിക്കുന്നത് ആണ് യേശു തത്വത്തിൽ പ്രവർത്തിച്ചത്.[20]

പരീശന്മാർക്ക് ഇഷ്ടം അവരുടെ ചടങ്ങുകളിലായിരുന്നു. എന്നാൽ അവരുടെ ഹൃദയം ദൈവത്തിൽ നേരുള്ളതായിരുന്നില്ല. അവർ ഏറ്റവും ചെറിയ വസ്തുക്കളുടെ പോലും ദശാംശം കൊടുത്തിരുന്നു എങ്കിലും "ന്യായപ്രമാണത്തിൽ കരുണ അടക്കമുള്ള കല്പനകളെ ത്യജിക്കയും ചെയ്തിരുന്നു" (23:23). ഇവിടെ "യാഗം" (*തുസിയ*) വാസ്തവത്തിലുള്ള മൃഗ യാഗങ്ങൾക്കു പുറമേയുള്ള വിവിധ ചടങ്ങുകളെ നിരീക്ഷിക്കുന്നതാണ്. ഹോശേയാവോ യേശുവോ ന്യായപ്രമാണത്തിലുള്ള യാഗങ്ങളെ അവഗണിച്ചിരുന്നില്ല. ജെ. ഡബ്ലിയു. മെക്ക്ഗാർവേ ആ ഉദ്ധരണിയെക്കുറിച്ച് പറഞ്ഞത് "ഒരു എബ്രായിസം, അർത്ഥമാക്കുന്നത് യാഗത്തേക്കാൾ കരുണയാണ് ഞാൻ ഇഷ്ടപ്പെടുന്നത്."[21] യേശു മറ്റൊരിക്കൽ പരീശന്മാരെ കണ്ടുമുട്ടിയപ്പോൾ അത് വീണ്ടും ഉപയോഗിക്കയുണ്ടായി (12:7).

യേശു അവസാനിപ്പിച്ചു, **"ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നത്."** "വിളിക്കുക" (*കലെയോ*) "എന്നത് തർജ്ജിമ ചെയ്തിരിക്കുന്നതിന് 'ക്ഷണിക്കുക' എന്നും, കല്യാണവിരുന്നിന്റെ ഉപമയിലേതുപോലെ" (22:1–10). [22] ആ വിളി പാപികൾ മാനസാന്തരപ്പെടുന്നതിനുമായിരുന്നു (ലൂക്കൊ 5:32). "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുക" എന്നതായിരുന്നു യേശുവിന്റെ ദൗത്യം (ലൂക്കൊ 19:10). ആ ക്ഷണം എല്ലാ പാപികളിലേക്കും അവൻ എത്തിക്കുകയായിരുന്നു; എന്നാൽ, സ്വയ നീതീകരണം നടത്തുന്ന പരീശന്മാർക്ക് തങ്ങൾ പാപികളാണെന്ന തോന്നൽ ഇല്ലായിരുന്നു, ആകയാൽ അവർ ആ ക്ഷണം സ്വീകരിച്ചില്ല. "നീതിമാന്മാർ," എന്ന വാക്ക് ഉപയോഗിച്ചതിനാൽ, ചിലർ രക്ഷ ആവശ്യമില്ലാത്ത നല്ലവരാണ് എന്ന് അർത്ഥമാക്കരുത്. പരീശന്മാർ നീതിമാന്മാരാണെന്നും അല്ല അവൻ അർത്ഥമാക്കിയത്. അവർ തങ്ങളുടെ സ്വന്ത കണ്ണിൽ മാത്രമായിരുന്നു നീതിമാന്മാർ എന്നാണ് യേശു അർത്ഥമാക്കിയത് (ലൂക്കൊ 18:9–14).

### ശിഷ്യത്വവും ഉപവാസവും (9:14-17)

**14 യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു: "ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു; നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്ത്? എന്നു ചോദിച്ചു." 15 യേശു അവരോടു പറഞ്ഞതു: "മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ദുഃഖിപ്പാൻ കഴികയില്ല; മണവാളൻ പിരിഞ്ഞു പോകേണ്ടുന്ന നാൾ വരും; അന്നു അവർ ഉപവസിക്കും. 16 കോടിത്തുണി**

**ക്കണ്ടം ആരും പഴയ വസ്ത്രത്തിൽ ചേർത്തു തുന്നുമാറില്ല; തുന്നിചേർത്താൽ അതുകൊണ്ട് വസ്ത്രം കീറും; ചീന്തൽ ഏറ്റവും വല്ലാതെയായി തീരും. [17]പുതുവീഞ്ഞു പഴയ തുരുത്തിയിൽ പകരുമാറുമില്ല; പകർന്നാൽ തുരുത്തി പൊളിഞ്ഞു വീഞ്ഞു ഒഴുകിപ്പോകും; തുരുത്തിയും നശിച്ചു പോകും. പുതുവീഞ്ഞു പുതിയ തുരുത്തിയിലേ പകർന്നു വെക്കയുള്ളു; അങ്ങനെ രണ്ടും ഭദ്രമായിരിക്കും."**

**വാക്യം 14** തങ്ങൾ ഉപവസിക്കുമ്പോൾ യേശുവിന്റെ ശിഷ്യന്മാർ എന്തുകൊണ്ട് **ഉപവസിച്ചില്ല** എന്നു **യോഹന്നാന്റെ ശിഷ്യന്മാർ** അവനോടു ചോദിച്ചു. ആ സാഹചര്യത്തിൽ നിന്നായിരുന്നു അവർ ആ ചോദ്യം ചോദിച്ചത്: യേശുവും തന്റെ **ശിഷ്യന്മാരും** *വിരുന്നു* കഴിച്ചുകൊണ്ടിരുന്നപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ *ഉപവസിക്കുക*യായിരുന്നു. റോബർട്ട് എച്ച്. മൗൺസ് ചൂണ്ടികാട്ടി "കഴിഞ്ഞ ഖണ്ഡികയിൽ, അവന് പുറജാതിക്കാരോടു കൂടെ ഭക്ഷിക്കാമോ എന്നായിരുന്നു ചോദ്യം; ഇപ്പോഴത്തെ ചോദ്യം അവന് ഭക്ഷിക്കാമോ എന്നായിരുന്നു!"[23] ശിഷ്യത്വ ബന്ധത്തിൽ ഉപവാസത്തിനുള്ള പങ്ക് എന്താണ് എന്നായിരുന്നു യോഹന്നാന്റെ ശിഷ്യന്മാർ അറിയുവാൻ ആഗ്രഹിച്ചത്. യേശുവും ശിഷ്യന്മാരും ഈ സമയത്ത് ഉപവസിക്കാതിരുന്നത് അവന്റെ പ്രസ്ഥാനത്തിനു തന്നെ ഒരു കുറവായിട്ടാണ് അവർ കണ്ടത്.

യേശുവിൽ നിന്ന് വ്യത്യസ്തമായി, യോഹന്നാൻ ഒരു സന്യാസ ജീവിതമാണ് നയിച്ചത് (3:1–4). രണ്ടു മനുഷ്യരുടെ വ്യത്യാസത്തെ വിമർശകർ നിരീക്ഷിച്ചതായിരുന്നു അത്. നേരേ മറിച്ച്, "യോഹന്നാൻ വന്നത് തിന്നാതെയും കുടിക്കാതെയുമായിരുന്നു," ആകയാൽ അവനു "ഭൂതമുണ്ടെന്ന്" അവർ പറഞ്ഞു. അതേ സമയം, യേശു "തിന്നിയും കുടിയനുമായി വന്നു," അപ്പോൾ അവർ പറഞ്ഞത് "ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ എന്നാണ്" (11:18, 19). ഈ വേദഭാഗത്തിൽ യോഹന്നാന്റെ ശിഷ്യന്മാരുടെ സാന്നിധ്യം സൂചിപ്പിക്കുന്നത് അവർ എല്ലാവരും ഉടനെ യേശുവിനോടു സഖ്യത പുലർത്തിയില്ല എന്നാണ്. ആ രണ്ടു ശുശ്രൂഷകളും കെട്ടിമറിഞ്ഞു കിടന്നിരുന്നു, യേശുവിന്റെ ശുശ്രൂഷ വർദ്ധിച്ചു വന്നിരുന്നു. യേശുവിനെക്കുറിച്ച് യോഹന്നാൻ സ്നാപകൻ മുന്നോടിയായി സംസാരിച്ചിരുന്നു (യോഹ 1:29–42). എങ്ങനെയായാലും, യോഹന്നാൻ തുടർന്നും പ്രസംഗിച്ചും സ്നാനപ്പെടുത്തിയും പോന്നു. പെട്ടെന്നു യേശുവിന്റെ ശുശ്രൂഷ യോഹന്നാന്റേതിനെ മറികടന്നു പോയി: "യേശു യോഹന്നാനേക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു" (യോഹ 4:1). യോഹന്നാനെ പിന്നീട് തടവിലാക്കുകയും, ഹേരോദ് അന്തിപ്പാസ് അവന്റെ തല ഛേദിച്ചു കളയുകയും ചെയ്തു (4:12; 11:1–15; 14:1–12).

അവന്റെ ശുശ്രൂഷയിൽ, യോഹന്നാൻ തന്റെ അനുയായികളോട് ഉപവസിപ്പാനും പ്രാർത്ഥിപ്പാനും പറഞ്ഞു എന്ന കാര്യത്തിൽ തർക്കമില്ല (ലൂക്കൊ. 5:33; 11:1). യോഹന്നാന്റെ ശിഷ്യന്മാരും **പരീശന്മാരും** ഉപവാസം ആചരിക്കുന്നതിൽ യോജിച്ചിരുന്നു. തങ്ങൾ ഉപവസിച്ചു എന്നു അവർ പറയുമ്പോൾ, അവർ പലപ്പോഴും ഉപവസിച്ചു എന്നാണ് അന്തർലീനമാക്കിയത്. മുമ്പ് നാം ശ്രദ്ധിച്ചതുപോലെ ഉപവാസം കല്പിച്ചിരുന്നത് ആത്മതപന ദിവസമായിരുന്നു (യോംങ് കിപ്പോർ; ലേവ്യ 16:29–31), എന്നാൽ പരീശന്മാർ തങ്ങളുടെ ഉപവാസം ആഴ്ചയിൽ രണ്ടു ദിവസമാക്കിയിരുന്നു: തിങ്കളും വ്യാഴവും. മറ്റുപവാസങ്ങൾ

തങ്ങളുടെ പാരമ്പര്യത്തോടുകൂടി റബ്ബിമാർ കൂട്ടിചേർത്തതാണ് (6:16 ന്റെ പ രാമർശം നോക്കുക).

തുടർന്നു വരുന്ന മൂന്നു ചിത്രീകരണങ്ങളും - മണവാളൻ (9:15), വസ്ത്രം (9:16), പുതുവീഞ്ഞ് (9:17) - എന്നിവ അവതരിപ്പിച്ചത് യോഹന്നാന്റെ ശിഷ്യ ന്മാർക്കുള്ള ഉത്തരമായിട്ടായിരുന്നു. ഭൂമിയിൽ തന്റെ സാന്നിദ്ധ്യം ഉള്ളപ്പോൾ ഉപവാസം അപ്രസക്തമായിരുന്നു എന്നാണ് യേശു സൂചിപ്പിച്ചത്.

**വാക്യം 15.** ആദ്യത്തെ ചിത്രീകരണത്തിൽ, **യേശു** ചോദിച്ചു, **"മണവാ ളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്ക് ദുഃഖിപ്പാൻ കഴികയില്ല, അല്ലേ?"** "മണവാളന്റെ സ്നേഹിതൻ" എന്നാണ് യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാർക്ക് പരിചയപ്പെടുത്തി കൊടുത്തത് ("നല്ല മനുഷ്യൻ"; എൻഎൽറ്റി), യേശുവായിരുന്നു മണവാളൻ (യോഹ 3:29; 22:2, 3; 25:1; എഫേ 5:22–33; വെളി 19:7; 21:9). "മണവാളന്റെ തോഴ്മക്കാർ" വരനോട് അടുത്ത് നിൽക്കുന്നവരും വിവാഹാഘോഷത്തിൽ മുഖ്യപങ്ക് വഹിക്കുന്നവരും ആയിരുന്നു. ആ പ്ര യോഗം ചിലപ്പോൾ "വിവാഹ അതിഥികൾ" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു (എൻആർഎസ്‌വി). നിഷേധ ഉത്തരം പ്രതീക്ഷിച്ചു കൊണ്ടായിരുന്നു യേശു ചോദിച്ചത്. ഉപവാസം, ദുഃഖ സൂചകമായ ഒന്നായിരുന്നു, സന്തോഷപ്രദമായ വിവാഹാഘോഷത്തിൽ അതിന് സ്ഥാനമില്ലായിരുന്നു.[24]

യോഹന്നാന്റെ ശിഷ്യന്മാർ ഉപവസിച്ചതുപോലെ തന്റെ ശിഷ്യന്മാർ **ഉപ വസിച്ചിരുന്നില്ല** എന്നും, അവർ ഉപവസിക്കാനുള്ള നാഴിക വരുന്നു എന്നും യേശു സൂചിപ്പിച്ചു. ലേവീസ് വിവരിച്ചു, "യേശു കൂടെയുള്ളപ്പോൾ, അവന്റെ ശിഷ്യന്മാർ പ്രത്യേകമായ സാഹചര്യത്തിലും സന്തോഷത്തിലുമായിരുന്നു; അവൻ പോകുമ്പോൾ അവർ ഉപവസിക്കുന്നത് ഉചിതമായിരിക്കും. എന്നാൽ തടവിലായിരുന്ന യോഹന്നാനും [4:12], മരണശേഷം [14:10], അവന്റെ ശിഷ്യ ന്മാരും പ്രത്യേക സാഹചര്യത്തിലായിരുന്നു."[25]

പഴയ നിയമത്തിൽ ഉപവാസം, വിലാപ സന്ദർഭത്തിലായിരുന്നു, യേശു സൂചിപ്പിച്ചത് തന്റെ മരണശേഷം അവർ ഉപവസിക്കും എന്നായിരുന്നു - **അവൻ അവരിൽ നിന്നും എടുക്കപ്പെടുമ്പോൾ,** ആ ഭാഷ യെശയ്യാവ് 53:8 ലെ പ്രവചനത്തിൽ കാണാം: "അവൻ പീഢനത്താലും ശിക്ഷാവിധിയാലും *എടു ക്കപ്പെട്ടു*" (എംഫസിസ് ആഡഡ്) ക്രൂശീകരണത്തെക്കുറിച്ചുള്ള മത്തായി യുടെ സുവിശേഷത്തിലെ ആദ്യ പ്രസ്താവനയാണ് ഇത് (16:21; 17:22, 23; 20:18, 19). യേശുക്രിസ്തുവിന്റെ പ്രസ്താവനക്ക് വിശാലമായ പ്രായോഗികത പൊതു വിൽ ക്രിസ്ത്യാനികളുടെ ഉപവാസത്തെ പറയുന്നതാണ്, തന്റെ മരണത്തിൽ ശിഷ്യന്മാർ പ്രത്യേകമായി ഉപവസിക്കുമെന്ന് അവൻ സൂചിപ്പിച്ചതായി തോന്നു ന്നു. യേശു അവനോടു കൂടെ ഉണ്ടായിരുന്നപ്പോൾ ആഘോഷിക്കുവാനുള്ള സന്ദർഭമായിരുന്നു അത്; അവന്റെ മരണത്തിൽ, ചുരുങ്ങിയത് ഉയർത്തെഴു ന്നേൽപു വരെ, അവർക്കു ദുഃഖിക്കുവാനുള്ള സമയമായിരുന്നു (യോഹ 16:16–22). ആളുകളുടെ ദുഃഖത്തിന്റെ സ്വാഭാവികമായ അനന്തരഫലമായി രുന്നു ഉപവാസം. "വിവാഹാഘോഷത്തിൽ യേശുവിനോടുകൂടെ പന്തിക്കിരി ക്കുന്നതും, യേശു മരിക്കുമ്പോൾ നടക്കുന്ന സംസ്ക്കാര സമയത്തെ വിലാപ വും തമ്മിലുള്ള അന്തരം യേശു വ്യക്തമാക്കുകയായിരുന്നു."[26]

**വാക്യങ്ങൾ 16, 17.** തന്റെ സാന്നിധ്യത്തിൽ തന്റെ ശിഷ്യന്മാർക്ക് ഉപവസി ക്കേണ്ട ആവശ്യമില്ല എന്ന ഊന്നലാണ് അടുത്ത രണ്ടു ചിത്രീകരണങ്ങളിലും ഉള്ളത്. വിവാഹ വിരുന്നിൽ ദുഃഖത്തിനു സ്ഥാനമില്ലാത്തതുപോലെ, ആരും

**പഴയ വസ്ത്രത്തിൽ കോടി തുണിക്ക**ണ്ടം ചേർത്തു തുന്നുകയില്ല. രണ്ടും യോജിക്കുകയില്ല എന്നതാണ് കാരണം. “ഉപയോഗപ്രദമല്ലാത്തതാണ്” പഴയ വസ്ത്രം. “വസ്ത്രം” (*ഹിമാഷൻ*) എന്ന വാക്ക്, പൊതുവായ വസ്ത്രമോ അല്ലെങ്കിൽ പുറം വസ്ത്രമോ ആകാം, കൂടുതൽ പ്രത്യേകമായി പറഞ്ഞാൽ കീറുവാൻ സാധ്യതയുള്ളതാണ്. പഴയ വസ്ത്രത്തോട് ചേർത്തു പുതിയ **തുണിക്ക**ണ്ടം ചേർത്തു തുന്നിയാൽ അതു നനക്കുമ്പോൾ ചുരുങ്ങുകയും വലിക്കുമ്പോൾ **കീറുകയും** ചെയ്യും, ആ കീറൽ ഏറ്റവും **മോശമാകുകയും** ചെയ്യും.

പഴയ വസ്ത്രത്തിൽ, പുതിയ തുണിക്കണ്ടം ചേർത്തു തുന്നുമാറില്ലാത്തതുപോലെ, **പുതിയ വീഞ്ഞ്** പഴയ **തുരുത്തിയിൽ** പകരുമാറില്ല. വെള്ളം, പാൽ, വീഞ്ഞ് തുടങ്ങിയ ദ്രവ രൂപത്തിലുള്ള പദാർത്ഥങ്ങൾ കൊണ്ടു പോകുവാൻ മൃഗത്തോൽ കൊണ്ടുള്ള പാത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. വില്യം ഹെൻഡ്രിക്സൺ ഈ വിവരണം നൽകിയിരിക്കുന്നു:

> ആടിന്റേയോ അല്ലെങ്കിൽ ചെമ്മരിയാടിന്റേയോ തോൽ കൊണ്ടാണ് സാധാരണ തുരു - ത്തി ഉണ്ടാക്കിയിരുന്നത്. മൃഗത്തിന്റെ തോൽ ഉരിഞ്ഞെടുത്ത് അതിന്റെ പുറത്തുള്ള രോമമെല്ലാം അടി ചേർത്ത് മുറിച്ച് കളഞ്ഞ് അകം പുറമായി മറിച്ച് അതിന്റെ കഴുത്തിന്റെ ഭാഗം “പാത്രത്തിന്റെ” കഴുത്താക്കും, കാലുകളുടേയും വാലിന്റേയും ഭാഗം കയറു കൊണ്ട് വലിച്ച് കെട്ടിയടയ്ക്കും.[27]

വീഞ്ഞ് അത്തരം പാത്രത്തിലാക്കി വെക്കുമ്പോൾ അതിന് വീര്യം കൂടിക്കൊണ്ടിരിക്കും. തോൽ വേഗം ഉണങ്ങുകയും പൊട്ടുകയും ചെയ്യും. പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ ഒഴിച്ചുവെച്ചാൽ, തുരുത്തി പൊളിയുകയും പുതിയ വീഞ്ഞ് നഷ്ടമാകുകയും ചെയ്യും. **പുതിയ വീഞ്ഞു പുതിയ തുരുത്തി**യിൽ മാത്രമെ ഒഴിച്ചു വെക്കുവാൻ പാടുള്ളു.

അവ തമ്മിൽ യോജിക്കുകയില്ല എന്ന തത്വത്തേക്കാളുപരി, ആ ചിത്രീകരണങ്ങളിൽ ആഴമേറിയ അർത്ഥം അടങ്ങിയിരിക്കുന്നു. രണ്ടിലും “ഉപമകളുടെ” ഘടനയുണ്ട് (ലൂക്കൊ. 5:36–38), പഴയതും പുതിയതും തമ്മിലുള്ള അന്തരം: പഴയ വസ്ത്രവും/പുതിയ തുണിക്കണ്ടവും, പഴയ തുരുത്തിയും/പുതിയ വീഞ്ഞും. ഒരുപക്ഷെ യേശു യെഹൂദമതത്തിന്റെ പഴയ ആശയവും – മാനുഷപാരമ്പര്യത്താൽ വഷളായി തീർന്നതും – അത് മാറ്റി ക്രിസ്ത്യാനിത്വത്തിന്റെ പുതിയ ഉപദേശം എടുക്കേണ്ടതിന്റെ ആവശ്യകതയുമാകാം എടുത്തു കാണിച്ചത്. അവരുടെ ഉപവാസ ക്രമം പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു, അതു പഴയ വസ്ത്രത്തോട് പുതിയ തുണിക്കണ്ടം ചേർത്ത് തുന്നുന്നതുപോലെയും, പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ ഒഴിച്ചു വെക്കുന്നതുപോലെയുമാണ്. പഴയതിന്റെ അറ്റകുറ്റപ്പണി നടത്തുവാനല്ല യേശു വന്നത്, പിന്നെയോ തികച്ചും പുതിയതു സ്ഥാപിക്കുന്നതിനായിരുന്നു. അവരുടെ പഴകി-ദ്രവിച്ച ഫോർമുലകളെ നന്നാക്കുവാനായിരുന്നില്ല യേശു വന്നത്, മറിച്ച് പുതിയ സത്യങ്ങൾ എല്ലാവർക്കുമായി നൽകുന്നതിനായിരുന്നു. താൻ വന്നത് വഷളായി തീർന്ന യെഹൂദമതത്തെ നവീകരിക്കുവാനല്ല, മറിച്ച് അതിനെ വഴിയിൽനിന്നു മാറ്റുവാനാണ് എന്ന് യേശു പരീശന്മാർക്ക് വ്യക്തമാക്കി കൊടുത്തു

(5:17 നോക്കുക). അവൻ പുതിയ വിശ്വാസ വഴിയും, ചിന്തയും ജീവിതവും കൊണ്ടുവന്നു. മനുഷ്യ-നിർമ്മിത ഉപവാസം യേശു കൊണ്ടുവന്ന പുതിയ ക്രമത്തോട് യോജിക്കുന്നതായിരുന്നില്ല എന്നതായിരുന്നു മുഖ്യ പാഠം.

ഉപവാസം പഴയനിയമ വ്യവസ്ഥയുടെ പ്രധാന ഭാഗമായിരുന്നുവെങ്കിലും (6:16–18), അടിക്കടിയുള്ള ഉപവാസം ആചരിക്കൽ മാനുഷ കണ്ടുപിടിത്തമായിരുന്നു. യേശു ഉപവാസത്തെയല്ല വിലക്കിയത്, പിന്നെയോ അവരുടെ പഴയതുരുത്തി–ആകുന്ന പാരമ്പര്യത്തിൽ–അധിഷ്ഠിതമായ ഉപവാസം പുതിയ ഉദ്ദേശത്തെയും അർത്ഥത്തെയും മറക്കുന്നതിനെയാണ്. ആവശ്യം വരുമ്പോൾ, ഉപവാസത്തിന്റെ വില മനസിലാക്കുവാനും, പരീശന്മാരുടെ ഉപവാസം ആചരിക്കൽ പിൻപറ്റാതിരിപ്പാനും യേശു തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകുകയായിരുന്നു (പ്രവൃ. 13:2, 3; 14:23; 2 കൊരി. 6:5; 11:27).

## പാഠങ്ങൾ

### യേശു ക്ഷണിക്കുന്ന ലിസ്റ്റ് (9:9-13)

സമയാസമയങ്ങളിൽ നാം ക്ഷണിക്കുന്ന ലിസ്റ്റ് തയ്യാറാക്കും. അത് ഒരു കുട്ടിയുടെ ജന്മനാൾ ആഘോഷിക്കുന്നതിനോ, യുവാക്കളുടെ വിവാഹാഘോഷത്തിനോ, പ്രായമായവരുടെ വിവാഹ വാർഷികാഘോഷത്തിനോ ആയിരിക്കാം. അതുപോലെ, യേശു സ്വർഗീയ വിരുന്നിനു ഒരു ലിസ്റ്റ് തയ്യാറാക്കുന്നു, അതിൽ പാപികളും ഉൾപ്പെടുന്നു (22:1–10). അവൻ പറഞ്ഞു, "ഞാൻ നീതിമാന്മാരെയല്ല, പാപികളെയാണ് വിളിപ്പാൻ വന്നത്" (9:13). തങ്ങൾ "നീതിമാന്മാർ" എന്നു വിചാരിക്കുന്നവർ അവരുടെ പാപങ്ങളെ മറക്കുന്നവരാണ്. തൽഫലമായി, അവർ യേശുവിന്റെ വിളിയെ സ്വീകരിക്കുന്നില്ല. അതിൽനിന്നു വ്യത്യസ്തമായി, തങ്ങളുടെ പാപങ്ങളെ മനസിലാക്കുവാൻ കഴിയുന്നവർ കൃപയെ സംബന്ധിച്ച് ബോധവാന്മാരായിരിക്കും.

ഡേവിഡ് സ്റ്റുവർട്ട്

### ഉപവാസം ഇന്ന് (9:14-17)

യേശുവിന്റെ ശിഷ്യന്മാർ തങ്ങളെ പോലെ നിരന്തരമായി പ്രാർത്ഥിക്കുന്നില്ല എന്ന് യോഹന്നാന്റെ ശിഷ്യന്മാർ പരാതിപ്പെട്ടിരുന്നു. ഉപവാസം വിലാപത്തിന്റെ ഭാഗമാണെന്നും, താൻ അവരോടുകൂടെയുള്ളപ്പോൾ, തന്റെ ശിഷ്യന്മാർക്ക് ഉപവസിക്കേണ്ട ആവശ്യമില്ലെന്നും യേശു അവരെ ബോധ്യമാക്കി. താൻ ക്രൂശിക്കപ്പെടുമ്പോൾ, വിലപിക്കുവാനും ഉപവസിക്കുവാനുമുള്ള സമയമായിരിക്കുമെന്നും അവൻ വ്യക്തമാക്കി. എങ്ങനെയായാലും, ആ ദുഃഖം അവൻ ഉയർത്തെഴുന്നേറ്റു വന്നപ്പോൾ സന്തോഷമായി മാറി. ഇന്ന് നാം സേവിക്കുന്നത് ഉയർത്തെഴുന്നേറ്റു പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന ക്രിസ്തുവിനെയാണ്! കൂടാതെ നമ്മുടെ ഉള്ളിൽ വസിക്കേണ്ടതിന് അവന്റെ ആത്മാവിനേയും അയച്ചിരിക്കുന്നു. നമ്മുടെ എല്ലാ സ്വപ്നങ്ങളും പ്രത്യാശയും സാക്ഷാത്കരിക്കുന്നതിന് അവന്റെ മടങ്ങിവരവിനായി നാം നോക്കി പാർത്തിരിക്കുന്നു. പുതിയ നിയമത്തിൽ നിരന്തരമായ ഉപവാസം പ്രോൽസാഹിപ്പിക്കുന്നില്ലെങ്കിലും, ചിലപ്പോൾ അതു ഉചിതമായിരിക്കും. പ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനു മുൻപ് ആദ്യ സഭ ഉപവസിച്ചിരുന്നു, ഉദാഹരണമായി, മിഷ്ണറിമാരെ അയക്കുന്നതിനു മുൻപും മൂപ്പന്മാരെ തിര

ഞ്ഞെടുക്കുന്നതിനു മുൻപും (പ്രവൃ. 13:2, 3; 14:23). സഭയ്ക്ക് പുതിയ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോഴും, പ്രയാസങ്ങൾ നേരിടുമ്പോഴും, പ്രാർത്ഥനയും ഉപവാസവും സഹായകരമാകും.

ഡേവിഡ് സ്റ്റുവർട്ട്

**വിശ്വാസ്യയോഗ്യമായ സുവിശേഷം (9:14-17)**

ആളുകൾക്ക് മനസിലാകുന്ന ഭാഷയിൽ സുവിശേഷം അവതരിപ്പിക്കുന്നതോ അല്ലെങ്കിൽ പുതിയ രീതി അതിന് അവലംബിക്കുന്നതോ തെറ്റല്ല. എങ്ങനെയായാലും, ബൈബിൾ ഭാഷകളും ചിത്രീകരണങ്ങളും പ്രത്യേക രീതിയിൽ അവതരിപ്പിക്കുമ്പോൾ, ഒരുവിധത്തിലും നാം സന്ദേശത്തെ മാറ്റരുത് (യോഹ. 12:48; 1 കൊ. 15:1–4; ഗലാ. 1:6–9; യൂദാ. 3). മനുഷ്യനിർമ്മിത പാരമ്പര്യത്താൽ സുവിശേഷത്തെ ലഘൂകരിക്കാവുന്നതല്ല (15:1–9; കൊലൊ. 2:8), അല്ലെങ്കിൽ മറ്റു മത സംവിധാനങ്ങളുമായി അത് കൂട്ടിച്ചേർക്കാവുന്നതുമല്ല (കൊലൊ. 2:20–22; 2 യോഹ. 9–11).

ഉപവാസത്തിന്റെ ഉദ്ദേശവും അർത്ഥവും മറന്ന് പാരമ്പര്യത്തെ മുറുകെ പിടിക്കുന്നതിനെയാണ് യേശു വിലക്കിയത്. 9:15–17-ൽ നൽകിയ മൂന്നു ചിത്രീകരണങ്ങൾ വ്യക്തമാക്കുന്നത്, പരീശന്മാരുടേയും യോഹന്നാന്റെ ശിഷ്യന്മാരുടേയും ഉപവാസ പരിശിലനം പിൻപറ്റരുതെന്നാണ് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞത്. ബോൾസ് എഴുതി "അവസരങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഉപവാസത്തിന് പ്രസക്തി ഉണ്ട് എന്ന പാഠമാണ് ഇവിടെ നൽകുന്നത്."[28]

ചിലർ ഈ വേദഭാഗത്തെ എടുത്തുകൊണ്ട് ആ ചിത്രീകരണങ്ങൾ സുവിശേഷത്തെ മാറ്റാമെന്ന സുചന നൽകുന്നതായി പറയുന്നു. വാസ്തവത്തിൽ, ആ വേദഭാഗം അതിനു നേരെ വിരുദ്ധമായാണ് പഠിപ്പിക്കുന്നത്, പരീശന്മാരുടെ ഉപവാസ പരിശീലനം അതിനുദാഹരണമായി പറഞ്ഞിരിക്കുന്നു എന്നു മാത്രം. തിരുവെഴുത്ത് എങ്ങനെ വ്യഖ്യാനിക്കണമെന്നതിനെ സംബന്ധിച്ച്, അവർ നിഷേധിക്കുന്നതു തന്നെ ചെയ്തുകൊണ്ടിരിക്കുന്നു.

---

കുറിപ്പുകൾ

[1]വില്യം ബാർക്ലെ, *ദ മാസ്റ്റേഴ്സ് മെൻ* (നാഷ്വിലെ: അബിംഗ്ഡൺ പ്രസ്സ്, 1959), 58. [2]തോമസ് ഇ. സ്മിത്ത്, "ടാക്സെസ്സ്," ഇൻ ഡ്ക്ഷ്ണറി ഓഫ് ജീസസ്സ് ആന്റ് ദ ഗോസ്പൽസ്, എഡ്. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ടൗണേഴ്സ് ഗ്രോ, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്സ്, 1992), 806. [3]മിഷ്ണ *തോഹോരോത്ത്* 7.6; *ഹാഗിഗാഹ്* 3.6. [4]മിഷ്ണ *ബാബാ കമ്മ* 10.1. [5]താൽമൂദ് *സാൻഹാദ്രൻ* 25 ബി. [6]ആർ. റ്റി. ഫ്രാൻസ്, *ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു,* ദ റ്റിന്റേൽ ന്യുടെസ്റ്റമെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1985), 166–67. [7]ലിയോൺ മോറീസ്, *ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു,* പില്ലർ കമന്ററി (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.; ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1992), 219. ഗലീലയിൽ നിന്നും പെറിയയിൽ നിന്നും ചുങ്കം പിരിക്കുവാൻ റോമാ ഗവണ്മെന്റ് ഹെരോദാവ് അന്തിപ്പാസിനെ ചുമതലപ്പെടുത്തിയിരുന്നു (ജോസെഫസ് *ആന്റികിറ്റീസ്* 17.11.4). [8]ഇബിഡ്, 220. [9]നോക്കുക മൈക്കിൾ ജെ. വിൽക്കിൻസ്, "സിന്നർ," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ്സ് ആന്റ് ദ ഗോസ്പൽസ്, എഡ്. ജോവേൽ ബി. ഗ്രീൻ ആന്റ്

സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോ, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1992), 757–60. [10]ഉദാഹരണമായി, നോക്കുക മിഷ്ണ *ഡേമായി* 2.2, 3, "ദേശത്തിലെ ജനങ്ങളും" നിഷ്കർഷതയുള്ളവരും തമ്മിലുള്ള കൂട്ടായ്മയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

[11]ക്രെയ്ഗ് എസ്സ്. കീനർ, *എ കമന്ററി ഓൺ ദ ഗോസ്പൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1999), 295. നോക്കുക മത്താ 9:13; 21:32; 26:45; ലൂക്കോ 5:8; 7:37; 13:1, 2; 24:7; യോഹ 9:31. [12]യഹൂദന്മാർ ജാതികളുമായി ചേർന്ന് ഭക്ഷണത്തിനിരിക്കാതിരുന്നതിനാൽ പന്തിക്കിരിക്കുന്ന കൂട്ടായ്മ ഒന്നാം നൂറ്റാണ്ടിൽ ഒരു പ്രശ്നം തന്നെയായിരുന്നു (പ്രവൃ. 10:28; 11:2, 3; ഗലാ 2:12,13). ക്രിസ്തുവിലുള്ള ഐക്യതക്കായി, സഹ വിശ്വാസികൾ പശ്ചാത്തലം നോക്കാതെ തങ്ങളുടെ ഭക്ഷണം പങ്കിട്ടിരുന്നു. എങ്ങനെയായാലും, ദുർന്നടപ്പിൽ ജീവിക്കുന്ന ഒരു സഹോദരനോടൊപ്പം "ഭക്ഷിക്കുക പോലും അരുത്," എന്ന് കല്പിച്ചിരുന്നു (1 കൊ. 5:11). [13]ഡയോജിനസ് ലയർട്ടിയസ് *ലൈഫ്സ് ഓഫ് യെമിനന്റ് ഫിലോസഫേഴ്സ്* 2.70; 6.1.6. [14]ഡയോക്രസോസ്റ്റം *ഏയ്ത്ത് ഡിസ്കോഴ്സ്; ഓൺ വെർച്ച്യൂ* 5. [15]സിസെറോ *തുസ്കുലാൻ ഡിസ്പ്യൂറ്റേഷൻസ്* 3.3.5; ഡയോഡോറസ് സിക്കുലസ് 12.13.4. [16]എപ്പിക്റ്റേറ്റസ് *ഡിസ്കോഴ്സസ്* 2.14.21, 22; ലിവി 42.40.3. [17]ലൂഷൻ *ഡെമോണാഴ്സ്* 7. [18]ജോൺ ഫിലിപ്സ്, *എക്സ്പ്ലോറിങ് ദ ഗോസ്പൽ ഓഫ് മാത്യു:* ആന്റ് എക്സ്പോസിറ്ററി കമന്ററി, ദ ജോൺ ഫിലിപ്സ് കമന്ററി സീരീസ് (ഗ്രാന്റ് റാപ്പിട്സ്, മൈക്ക്.: ക്രേഗൽ പബ്ലിക്കേഷൻസ്, 1999), 163. [19]ജാക്ക് പി ലേവിസ്, *ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു,* പാർട്ട് 1. ദ ലിവിങ് വേഡ് കമന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി, 1976), 135. [20]ഇബിഡ്.

[21]ജെ. ഡബ്ലിയു. മെക്ക്ഗാർവെ, *ദ ന്യൂടെസ്റ്റ്മെന്റ് കമന്ററി*, വാല്യം1, *മാത്യു ആന്റ് മാർക്ക്.* (എൻ. പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി., എൻ. ഡി.) 83. [22]ഡെഗ്ലസ് ആർ.എ ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 101. [23]റോബർട്ട് എച്ച്. മൗൺസ്, *മാത്യു,* ന്യൂ ഇന്റർനാഷണൽ ബിബ്ലിക്കൽ കമന്ററി (പിബടി, മാസ്.: ഹെന്റിക്സൺ പബ്ലിഷേസ്,1991), 85. [24]അപ്പോക്രിഫയിൽ, സാധാരണ വിവാഹത്തിലെ സന്തോഷത്തിൽ നിന്ന് ദുഃഖത്തിലേക്കും വിലാപത്തിലേക്കും തിരിയുന്നതിന്റെ കുഴപ്പത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു (1 മെക്കാബീസ് 1:27, 39; 9:39–41). [25]ലേവീസ്, 137. [26]റോബർട്ട് എച്ച് ഹെൻഡ്രി, *മാത്യു: എ കമന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിട്സ്, മൈക്ക്.: ഡബ്ലിയുഎം. ബി എഡ്മെൻസ് പബ്ലിഷിംഗ് കമ്പനി., 1982), 169. [27]വില്യം ഹെന്റിക്സൺ, *ന്യൂടെസ്റ്റമെന്റ് കമന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 428–29. [28]ബോൾസ്, 210.